## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. *66 | 13.06.2012 ൽ മറുപടിയ്ക്ക്

### യുവജനനയം

**ചോദ്യം**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. എ.റ്റി.ജോർജ്ജ്
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. കെ.അച്ചുതൻ

(എ)
സംസ്ഥാനത്തെ യുവാക്കളുടെ ക്ഷേമത്തിനായി എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

**മറുപടി**

ശ്രീമതി. പി.കെ. ജയലക്ഷ്മി
(പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

(എ) യുവജനങ്ങളുടെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യമിട്ടു കൊണ്ട് വിവിധങ്ങളായ പദ്ധതികൾ യുവജനക്ഷേമ ബോർഡ് നടപ്പിലാക്കി വരുന്നുണ്ട്. ഇതിനുപുറമെ നൂതനങ്ങളായ പദ്ധതികളും ആവിഷ്ക്കരിച്ചു വരുന്നുണ്ട്. ജോബ് രജിസ്ട്രേഷൻ, ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ഇൻഫർമേഷൻ സെന്റർ, ഇന്റർനെറ്റ് സൗകര്യം തുടങ്ങി അതിനൂതനങ്ങളായ വിവിധ സാധ്യതകൾ ഉപയോഗപ്പെടുത്തി രൂപകല്പന ചെയ്ത കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ വെബ് സൈറ്റ് (www.jalakam.in) യുവജനങ്ങൾക്ക് പരമാവധി പ്രയോജനപ്പെടുന്ന രീതിയിൽ പ്രവർത്തനക്ഷമമാക്കി വരുന്നു. ബോർഡ് നടപ്പിലാക്കുന്ന പരിപാടിയുടെ വിശദവിവരങ്ങൾ www.youthkerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കിയ യുവശക്തി പദ്ധതിയുടെ ഭാഗമായുള്ള

യൂത്ത് സെന്ററുകൾ വഴി രക്തദാന ഫോറം, ലേബർ ബാങ്ക്, യുവകർമ്മ സേന, കാർഷിക ക്ലബ്ബുകൾ, കാർഷിക ബോധവൽക്കരണ പരിപാടികൾ, തൊഴിൽ പരിശീലനങ്ങൾ, പരീക്ഷാ പരിശീലനങ്ങൾ, ആരോഗ്യ സാമൂഹിക ബോധവൽക്കരണ പരിപാടികൾ, കലാ മേളകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന യുവജനക്ഷേമ പരിപാടികൾ, കേരളോത്സവം എന്നിവ നടപ്പിലാക്കി വരുന്നു. പഞ്ചായത്ത്, ബ്ലോക്ക്തല യുവശക്തി പ്രവർത്തനങ്ങളും, മറ്റ് യുവജനക്ഷേമ പ്രവർത്തനങ്ങളും, തനതു പരിപാടികളും ജില്ലയിൽ ഏകോപിപ്പിക്കുകയും നേതൃത്വം നൽകുകയും ചെയ്യുന്ന ചുമതല ജില്ലാ യൂത്ത് സെന്ററുകൾ നിർവ്വഹിക്കുന്നു. ഇതു കൂടാതെ തൊഴിലില്ലാത്ത യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി സി-ഡിറ്റുമായി സഹകരിച്ച് ഡി.റ്റി.പി. പരിശീലന പദ്ധതി ഒരു ജില്ലയിൽ 500 പേർക്ക് എന്ന രീതിയിൽ എല്ലാ ജില്ലകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് തിരുവനന്തപുരത്ത് സ്വന്തമായി ആസ്ഥാന മന്ദിരവും ആദ്യഘട്ടം എന്ന നിലയ്ക്ക് 5 ജില്ലകളിലായി യൂത്ത് ഭവനുകളും, തൊഴിലധിഷ്ഠിത പരിശീലനത്തിനായി ഒരു യുവജന പരിശീലന കേന്ദ്രവും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) യുവജനക്ഷേമത്തിനായി ഒരു യുവജന നയം കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ?

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

(ബി) & (സി) യുവജനക്ഷേമത്തിനായി ഒരു യുവജന നയം രൂപീകരിക്കുന്നതിനുള്ള കരട് നയരേഖ തയ്യാറാക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും, അതിൻ പ്രകാരം കമ്മിറ്റി ഒരു കരട് തയ്യാറാക്കി സമർപ്പിക്കുകയും ഉണ്ടായി. കരട് യുവജന നയം സംപുഷ്ടമാക്കുന്നതിനായി ജനപ്രതിനിധികൾ, യുവജനസംഘടനാ പ്രതിനിധികൾ, യുവജന പ്രതിനിധികൾ, ഈ രംഗത്തെ വിദഗ്ദ്ധർ, വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ തുടങ്ങിയവരുടെ അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനായി ചർച്ചകൾ, ശില്പശാലകൾ തുടങ്ങിയവ വകുപ്പ് തലത്തിൽ സംഘടിപ്പിച്ചു വരുന്നു. ഇതിൽ ഉരുത്തിരിഞ്ഞു വരുന്ന നിർദ്ദേശങ്ങളും, അഭിപ്രായങ്ങളും, ഭേദഗതികളും ഉൾക്കൊള്ളിച്ചു കൊണ്ട് നയത്തിന് അന്തിമ രൂപം നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്.

സെക്ഷൻ ഓഫീസർ